ഉത്തരം

(എ) ഇല്ല.

(ബി) 1. കല്ലേറ്റുംകര (കാലിത്തീറ്റ ഉല്പാദനം).

2. നെടുപുഴ (ധാതുലവണ മിശ്രിതം).

(സി) ആലോചിച്ചുവരുന്നു.

കേരളാ ഫീഡ്സ് ഉല്പന്നങ്ങളുടെ വിൽപ്പന

90 [419] ശ്രീ. അടൂർ പ്രകാശ്:
പ്രൊഫ. എ. ഡി. മുസ്തഫ:
ശ്രീമതി രാധാരാഘവൻ:
ശ്രീ. എൻ. ശക്തൻ:
„ ഇ. എം. അഗസ്തി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളാഫീഡ്സ് ലിമിറ്റഡിന്റെ ഉൽപ്പന്നം വിൽക്കുന്നത് എത്ര വ്യാപാരികൾ ഇപ്പോൾ നിലവിലുണ്ട്;

(ബി) എന്തു വ്യവസ്ഥയിന്മേലാണ് ഈ വ്യാപാരികളെ നിയമിച്ചിട്ടുള്ളത്;

(സി) കേരളാഫീഡ്സിന്റെ ഉൽപ്പന്നങ്ങൾ വിൽക്കുന്നതിന് എന്തെല്ലാം സെയിൽസ് പ്രൊമോഷൻ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 439 സ്വകാര്യ ഡീലർമാരും 450 സഹകരണ സംഘങ്ങളും ഉൾപ്പെടെ ആകെ 889 വ്യാപാരികൾ ഇപ്പോൾ നിലവിലുണ്ട്.

(ബി) സ്വകാര്യ ഡീലർഷിപ്പ് സംബന്ധിച്ച് പൊതുവിവരങ്ങൾ ചുവടെ ചേർക്കുന്നു:

1. കമ്പനി നൽകുന്ന അപേക്ഷാ ഫോറത്തിൽ മാത്രമേ ഡീലർഷിപ്പിന് അപേക്ഷ സ്വീകരിക്കുകയുള്ളൂ.

2. മുനിസിപ്പാലിറ്റി/പഞ്ചായത്ത് അടിസ്ഥാനത്തിലാണ് ഡീലർഷിപ്പ് അനുവദിക്കുന്നത്.

3. നിലവിൽ കേരളാ ഫീഡ്സിന്റെ ഡീലർഷിപ്പ് പ്രവർത്തിക്കുന്ന മുനിസിപ്പാലിറ്റി/പഞ്ചായത്തുകളിൽ ഡീലർഷിപ്പ് അപേക്ഷ പരിഗണിക്കുന്നതല്ല.

4. ഡീലർഷിപ്പിന് അപേക്ഷിച്ചിരിക്കുന്ന മുനിസിപ്പാലിറ്റി/പഞ്ചായത്തിലെ കച്ചവട പ്രാധാന്യമുള്ള സ്ഥലത്ത് 200 ചാക്ക് (10 മെട്രിക് ടൺ) കാലിത്തീറ്റ സൂക്ഷിക്കുന്നതിനാവശ്യമായ സൗകര്യമുള്ള കടമുറി അപേക്ഷകന്റെ കൈവശം ഉണ്ടായിരിക്കേണ്ടതാണ്.

LIBRARY ARCHIVES Kerala Legislative Assembly

5. കമ്പനി നിയമമനുസരിച്ച് ഡീലറായി തെരഞ്ഞെടുക്കപ്പെട്ടാൽ അപേക്ഷകൻ 50 രൂപാ വിലയുള്ള മുദ്രപ്പത്രത്തിൽ കമ്പനിയുമായി ഡീലർഷിപ്പ് കരാറിൽ ഏർപ്പെടേണ്ടതാണ്. തദവസരത്തിൽ സെക്യൂരിറ്റി ഡെപ്പോസിറ്റ് ഉൾപ്പെടെ 13,050 രൂപയും കൂടാതെ 200 ചാക്ക് കാലിത്തീറ്റയുടെ വിലയും അടയ്ക്കേണ്ടതാണ്.

6. സെക്യൂരിറ്റി ഡെപ്പോസിറ്റായ പതിനായിരം രൂപ ഡീലർഷിപ്പ് അവസാനിപ്പിക്കുമ്പോൾ പലിശയില്ലാതെ മടക്കി നൽകുന്നതാണ്.

7. നിലവിൽ കമ്പനി ഉൽപ്പന്നത്തിന്റെ വിൽപ്പന വിലയുടെ ഏഴരശതമാനം ഡീലർ ഡിസ്കൗണ്ട് ആയി നൽകുന്നതാണ്.

8. മാസംതോറും കുറഞ്ഞത് 200 ചാക്ക് (10 മെട്രിക് ടൺ) കമ്പനി ഉൽപ്പന്നം വിൽപന നടത്തേണ്ടതാണ്.

9. ഡീലർമാർ കാലിത്തീറ്റയുടെ പണം മുൻകൂറായി അടയ്ക്കേണ്ടതാണ്.

10. കമ്പനിയിൽനിന്നും ഉൽപ്പന്നങ്ങൾ ഡീലർമാരുടെ ഗോഡൗണിൽ എത്തിച്ചുകൊടുക്കുന്നതാണ്.

11. കമ്പനിയിൽനിന്നും ഡീലർക്ക് അയക്കുന്ന കാലിത്തീറ്റ ഡീലർ സ്വന്തം ചെലവിൽ ഇറക്കേണ്ടതാണ്.

12. ഉൽപ്പന്നത്തിന്റെ പരമാവധി വിൽപ്പന വില ചാക്കിൽ മുദ്രണം ചെയ്തിരിക്കുന്നതാണ്.

13. ഡീലർഷിപ്പിന്റെ പരിധിക്കുള്ളിൽ അഞ്ച് സ്ഥലങ്ങളിൽവരെ ഉൽപ്പന്നങ്ങൾ ഇറക്കിക്കൊടുക്കുന്നതാണ്.

സഹകരണ സംഘങ്ങളുടെ ഡീലർഷിപ്പ് സംബന്ധിച്ച പൊതുവിവരങ്ങൾ താഴെ ചേർത്തിരിക്കുന്നു:

1. കേരള സഹകരണ സംഘങ്ങളുടെ നിയമപ്രകാരം രജിസ്റ്റർ ചെയ്ത സംഘങ്ങളെയാണ് ഡീലറായി നിയമനം നടത്തുന്നതിന് പരിഗണിക്കുക.

2. കമ്പനി നൽകുന്ന അപേക്ഷാ ഫോറത്തിൽ മാത്രമേ ഡീലർഷിപ്പിന് അപേക്ഷ സ്വീകരിക്കൂ.

3. കമ്പനി നിയമമനുസരിച്ച് ഡീലറായി തെരഞ്ഞെടുക്കപ്പെട്ടാൽ സംഘം സെക്രട്ടറി 50 രൂപാ വിലയുള്ള മുദ്രപ്പത്രത്തിൽ കമ്പനിയുമായി ഡീലർഷിപ്പ് കരാറിൽ ഏർപ്പെടേണ്ടതാണ്. തദവസരത്തിൽ സെക്യൂരിറ്റി ഡെപ്പോസിറ്റ് 1,000 രൂപ ഉൾപ്പെടെ 1,750 രൂപയും കൂടാതെ 200 ചാക്ക് കാലിത്തീറ്റയുടെ വിലയും അടയ്ക്കേണ്ടതാണ്.

LIBRARY ARCHIVES Kerala Legislative Assembly

4. സെക്യൂരിറ്റി ഡെപ്പോസിറ്റ് ഡീലർഷിപ്പ് നിർത്തുമ്പോൾ പലിശയില്ലാതെ മടക്കി നൽകുന്നതാണ്.

5. സഹകരണ സംഘങ്ങൾക്ക് ഡീലർഷിപ്പ് നൽകുന്നത് സംഘത്തിലെ അംഗങ്ങളായ ക്ഷീരോൽപ്പാദകർക്ക് കേരള ഫീഡ്സ് വിതരണം നടത്തുന്നതിനാണ്.

6. മാസംതോറും കുറഞ്ഞത് 200 ചാക്ക് (10 മെട്രിക് ടൺ) കമ്പനി ഉൽപ്പന്നം വിൽപന നടത്തേണ്ടതാണ്.

7. കാലിത്തീറ്റയുടെ വില ഡിമാന്റ് ഡ്രാഫ്റ്റായി മുൻകൂർ അടയ്ക്കേണ്ടതാണ്.

8. കമ്പനിയിൽനിന്നും ഉൽപ്പന്നങ്ങൾ ഡീലർമാരുടെ ഗോഡൗണിൽ എത്തിച്ചുകൊടുക്കുന്നതാണ്. ഡിപ്പോയിൽ അടക്കം അഞ്ച് സ്ഥലങ്ങളിൽ കാലിത്തീറ്റ ഇറക്കിക്കൊടുക്കുന്നതാണ്.

9. കമ്പനിയിൽനിന്നും ഡീലർക്ക് അയക്കുന്ന കാലിത്തീറ്റ ഡീലർ സ്വന്തം ചെലവിൽ ഇറക്കി എടുക്കേണ്ടതാണ്.

10. ഉൽപ്പന്നത്തിന്റെ പരമാവധി വില ചാക്കിൽ മുദ്രണം ചെയ്തിരിക്കുന്നതാണ്.

(സി) ദൃശ്യ ശ്രവണ മാധ്യമങ്ങൾ മുഖേനയുള്ള പരസ്യങ്ങൾ, പഞ്ചായത്ത് ബ്ലോക്ക്, ജില്ലാ അടിസ്ഥാനത്തിലുള്ള ക്ഷീരോത്സവങ്ങളുടെ നടത്തിപ്പിൽ സഹകരിച്ചുകൊണ്ടുള്ള പ്രചരണം വിലക്കിഴിവ്, സമ്മാന പദ്ധതികൾ, കേരാമിൻ ഉൽപ്പന്നത്തിന്റെ സൗജന്യ സാമ്പിൾ വിതരണം, ഏറ്റവും നല്ല ക്ഷീരകർഷകരെ സമ്മാനങ്ങൾ നൽകി ആദരിക്കൽ, തുടങ്ങി വിൽപ്പന വർദ്ധിപ്പിക്കാനുള്ള നിരവധി സംരംഭങ്ങൾ നടപ്പിലാക്കിവരുന്നു. ഏറ്റവും കൂടുതൽ വിൽപ്പന നടത്തുന്ന ഡീലർമാരെയും സഹകരണ സംഘത്തെയും ജില്ലാ അടിസ്ഥാനത്തിലും, മേഖലാ അടിസ്ഥാനത്തിലും, സംസ്ഥാനതലത്തിലും അവാർഡുകൾ നൽകി ആദരിക്കുന്നു. ഡീലർമാർക്ക് കമ്മീഷനു പുറമെ ഇൻസെന്റീവും സർക്കാർ സംഘടിപ്പിക്കുന്ന കാലിത്തീറ്റ വിതരണ പദ്ധതികളിൽ സബ്സിഡിയും നൽകിവരുന്നു. കർഷകരുടെ വീടുകൾ സന്ദർശിച്ചുള്ള പ്രചരണം, ബോധവൽക്കരണം തുടങ്ങി നിരവധി സെയിൽസ് പ്രൊമോഷണൽ പദ്ധതികൾ കമ്പനി നടപ്പാക്കിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly